## കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊടുങ്ങല്ലൂർ നഗരസഭ - മുസിരിസ് പൈതൃക പദ്ധതി കോട്ടപ്പുറം കായമാർക്കറ്റിന്റെ നവീകരണം - സ്ഥലങ്ങൾ പരസ്പരം കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.607/13/തസ്വഭവ തിരുവനന്തപുരം, തീയതി: 11.03.2013.

=================================================================

പരാമർശം:-1) കൊടുങ്ങല്ലൂർ നഗരസഭയുടെ 18.08.2012-ലെ 24-ാം നമ്പർ കൌൺസിൽ തീരുമാനം.

2) കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയുടെ 21.01.2013-ലെ പി.ഡബ്ള്യൂ1-14139/09 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി, കൊടുങ്ങല്ലൂർ, പറവൂർ പ്രദേശങ്ങളിലെ പൈതൃകങ്ങൾ സംരക്ഷിച്ച് നിലനിർത്തുന്നതിനോടനുബന്ധിച്ച്, കൊടുങ്ങല്ലൂർ നഗരസഭാ പരിധിയിലെ കോട്ടപ്പുറം ചന്തയിലെ കായമാർക്കറ്റിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും ആയതിന്റെ പൂർണ്ണതോതിലുള്ള സംരക്ഷണം ഉറപ്പാക്കുന്നതിന്, മാർക്കറ്റിനോട് തൊട്ടുകിടക്കുന്ന മേത്തല വെണ്ണറപ്പറമ്പിൽ ഉദയൻ ഭാര്യ ജനത എന്നവരുടെ ഉടമസ്ഥതയിലുള്ള മേത്തല വില്ലേജ് സർവ്വെ 1013/1 ൽപ്പെട്ട 1.5 സെന്റ് സ്ഥലവും പണിക്കശ്ശേരി മാധവൻ മകൻ ദിലീപ്കുമാറിന്റെ ഉടമസ്ഥതയിലുള്ള മേത്തല വില്ലേജ് സർവ്വെ 1013/1 ൽപ്പെട്ട 0.75 സെന്റ് സ്ഥലവും കായമാർക്കറ്റിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടതുണ്ടെന്നും, പകരം കായമാർക്കറ്റിലെ തുല്യ അളവുകളിലുള്ള സ്ഥലം ടിയാളുകൾക്ക് നൽകി, സ്ഥലം പരസ്പരം കൈമാറുന്നതിന് പരാമർശം (1) പ്രകാരം കൊടുങ്ങല്ലൂർ നഗരസഭാ കൌൺസിൽ തീരുമാനിക്കുകയുണ്ടായി. ടി സ്ഥലം ഉടമകൾ ഇതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും നഗരസഭയുടെ വക സ്ഥലവും, മേൽ പറഞ്ഞവരുടെ സ്ഥലവും പരസ്പരം കൈമാറുന്നതിന് അനുമതി നൽകണമെന്നും കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കോട്ടപ്പുറം കായമാർക്കറ്റിന്റെ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി നിലവിലുള്ള മാർക്കറ്റിനോട് തൊട്ടുകിടക്കുന്ന വെണ്ണറപ്പറമ്പിൽ ഉദയൻ ഭാര്യ ജനത എന്നവരുടെ ഉടമസ്ഥതയിലുള്ള മേത്തല വില്ലേജ് സർവ്വെ നമ്പർ 1013/1 ൽപ്പെട്ട 1.5 സ്ഥലവും പണിക്കശ്ശേരി മാധവൻ മകൻ ദിലീപ്കുമാറിന്റെ ഉടമസ്ഥതയിലുള്ള മേത്തല വില്ലേജ് സർവ്വെ 1013/1 ൽപ്പെട്ട 0.75 സെന്റ് സ്ഥലവും നഗരസഭയുടെ സ്ഥലവുമായി കൈമാറുന്നതിനുള്ള, കൊടുങ്ങല്ലൂർ നഗരസഭയുടെ പരാമർശം (1) കൌൺസിൽ തീരുമാനത്തിന്, സ്ഥലം കൈമാറ്റം കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് യാതൊരു നഷ്ടവും സാമ്പത്തിക ബാധ്യതയും ഉണ്ടാക്കരുതെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കൊടുങ്ങല്ലൂർ, നഗരസഭ, തൃശ്ശൂർ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ ( എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ